**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1159** **07-12-2022 - ൽ മറുപടിയ്ക്ക്**

**ജലവിഭവ വിവരകേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലവിഭവ വിവര കേന്ദ്രം സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (എ) | ഉണ്ട്, 17/11/2022 തീയതിയിലെ സ.ഉ(അച്ചടി) നം.27/2022/ജ.വി.വ പ്രകാരം സംസ്ഥാന ജലവിഭവ വിവര കേന്ദ്രം സ്ഥാപിക്കുന്നതിനും വികസിപ്പിക്കുന്നതിനും ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേന്ദ്രം സ്ഥാപിക്കുന്നതിലൂടെ സംസ്ഥാനത്തിന് ലഭിക്കുന്ന പ്രയോജനങ്ങൾ വിശദമാക്കുമോ; | (ബി) | കേന്ദ്രസർക്കാരിന്റെ National Water Informatics Centre മാതൃകയിൽ സംസ്ഥാന ജലവിഭവ വിവര കേന്ദ്രം (State Water Informatics Centre) നിർമ്മിക്കുവാൻ എല്ലാ സംസ്ഥാനങ്ങളോടും കേന്ദ്രം ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാന ജലവിഭവവിവര കേന്ദ്രം സംസ്ഥാനത്തെ ജലവിഭവങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളുടെ ക്രോഡീകരണവും അനുബന്ധ വകുപ്പുകളുമായുള്ള ഏകോപന പ്രവർത്തനങ്ങൾക്കും നോഡൽ ഏജൻസി ആയി ആണ് വിഭാവനം ചെയ്യുന്നത്. ഡാറ്റയുടെ വിശകലനം, സാധൂകരണം, പ്രചരണം എന്നിവയുടെ ഏകജാലക സംവിധാനം ആണ് പ്രസ്തുത ജലവിഭവ വിവര കേന്ദ്രം കേരള വാട്ടർ റിസോഴ്സസ് ഇൻഫർ മേഷൻ സിസ്റ്റം - Kerala Water Resources Information System(K-WRIS) ന്റെ നിരീക്ഷണം, അതിൽ ലഭിക്കുന്ന ഡാറ്റായുടെ വിശകലനം എന്നിവ പ്രസ്തുത കേന്ദ്രം മുഖേന നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ National Hydrology Project-നു കീഴിലുള്ള India Water Resources Information System (India-WRIS), Water Information Management System (WIMS), Real Time Data Management System (RTDMS) എന്നിവയുടെ പ്രവർത്തനങ്ങളിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുന്നതും, സംസ്ഥാന ജലവിഭവ വിവര കേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യമാണ്. |
| (സി) | ജലവിഭവ വിവര കേന്ദ്രം സ്ഥാപിക്കുന്നതിന് | (സി) | 17/11/2022 തീയതിയിലെ |

| | | | |
|---|---|---|---|
| | സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | | സ.ഉ(അച്ചടി)നം.27/2022/ജ.വി.വ പ്രകാരം സംസ്ഥാന ജല വിഭവവിവര കേന്ദ്രം സ്ഥാപിക്കുന്നതിന് വേണ്ടി കേന്ദ്രജലവിഭവ വിവര കേന്ദ്രത്തിന്റെ നിർദ്ദേശപ്രകാരമുള്ള മാതൃകയിൽ ജീവനക്കാരുടെ തസ്തിക പുനർവിന്യസിക്കാനുള്ള ശിപാർശ ഇറിഗേഷൻ വകുപ്പ് ചിഫ് എഞ്ചിനീയർക്ക് സമർപ്പിക്കുന്നതിലേയ്ക്കായുള്ള ആവശ്യമായ നടപടികൾ ചീഫ് എഞ്ചിനീയർ, ഐ.ഡി. ആർ.ബി സ്വീകരിച്ചു വരുന്നു. |
| (ഡി) | അന്തർ സംസ്ഥാന നദീജല തർക്കം പരിഹരിക്കുന്നതിൽ പ്രസ്തുത കേന്ദ്രം എത്രത്തോളം സഹായകരമാവും എന്നറിയിക്കുമോ? | (ഡി) | സംസ്ഥാനത്തിന്റെ നദീതടത്തിൽ നിന്നു ലഭ്യമാകുന്ന ജലം, ജലത്തിന്റെ ഉപയോഗം എന്നിവയുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് ഡാറ്റാ അധിഷ്ഠിതമായ വിശകലനങ്ങൾ നല്കുവാനും ആയത് അന്തർ സംസ്ഥാന നദീജലം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഉപയോഗിക്കുവാനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ